**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4077** **03-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ വകുപ്പിന്റെ മാനുവൽ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ വകുപ്പിന്റെ 1978-ലെ മാനുവൽ പരിഷ്കരിക്കുന്നതിനും പൊതുവിതരണ വകുപ്പിന്റെ ചരിത്രം എഴുതി തയ്യാറാക്കുന്നതിനുമായി 2020-ൽ റിട്ടയേർഡ് റേഷനിംഗ് കൺട്രോളറെ ചുമതലപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ; | (എ) | പൊതുവിതരണ വകുപ്പിന്റെ മാന്വൽ പരിഷ്കരിക്കുന്നതിനായി വകുപ്പിൽ നിന്നും ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ/സമാന തസ്തികയായ വിജിലൻസ് ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. വി.വേണുഗോപാലിനെ 24/01/2020 തീയതിയിലെ സ.ഉ.(കൈ)നം.4/2020/ഭ.പൊ.വി.വ പ്രകാരം നിയമിച്ചിരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ശ്രീ.വി.വേണുഗോപാൽ തയ്യാറാക്കിയ മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വകുപ്പിന്റെ ചരിത്രം, വകുപ്പുമായി ബന്ധപ്പെട്ട വിവിധ കേന്ദ്ര / സർക്കാർ ചട്ടങ്ങൾ, റൂളുകൾ, ഉത്തരവുകൾ എന്നിവ കൂടി ഉൾപ്പെടുത്തി ആയതിന്റെ കരട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിന്മേൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പരിഷ്കരിച്ച മാനുവലും വകുപ്പിന്റെ ചരിത്രവും എന്ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കാമോ; | (സി) | ശ്രീ.വി.വേണുഗോപാൽ തയ്യാറാക്കിയ മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വകുപ്പിന്റെ ചരിത്രം, വകുപ്പുമായി ബന്ധപ്പെട്ട വിവിധ കേന്ദ്ര / സർക്കാർ ചട്ടങ്ങൾ, റൂളുകൾ, ഉത്തരവുകൾ എന്നിവ കൂടി ഉൾപ്പെടുത്തി ആയതിന്റെ കരട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിന്മേൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | എത്ര തുകയാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർക്കാർ ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | ശ്രീ.വി.വേണുഗോപാലിന്റെ കരാർ കാലയളവായ ഒൻപത് മാസത്തേയ്ക്ക് പ്രതിഫല ഇനത്തിൽ 4,48,305/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ